ഉത്തരം

(എ) വിവിധ സ്വഭാവത്തിലുള്ളതും വിവിധ വകുപ്പുകൾ പ്രകാരം ചാർജ്ജ് ചെയ്തതുമായ കേസുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട എസ്.പി./കമ്മീഷണർ ഓഫ് പോലീസ് ഇവരുടെ റിപ്പോർട്ട് വരുത്തി പരിശോധിച്ചതിനുശേഷം പിൻവലിക്കുവാൻ യോഗ്യമാണെന്ന് നിയമ വകുപ്പും ശുപാർശ ചെയ്യുന്ന കേസുകളാണ് പിൻവലിക്കുവാൻ പരിഗണിക്കുന്നത്. ഇക്കാര്യത്തിൽ പൊതു താല്പര്യവും സി.ആർ.പി.സി. 321-ാം വകുപ്പും മാനദണ്ഡമായി പരിഗണിക്കുന്നുണ്ട്. ചില കേസ്സുകളിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ അഭിപ്രായവും കൂടി ആരായാറുണ്ട്.

(ബി) പിൻവലിക്കപ്പെട്ട കേസുകളിൽ പ്രതിസ്ഥാനത്ത് ഉണ്ടായിരുന്നവർ മറ്റേതെങ്കിലും കേസുകളിൽ പ്രതികളായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ട്. പിൻവലിച്ച കേസുകളിൽ പ്രതിയാക്കപ്പെട്ടവരിൽ 167 പേർ മറ്റ് കേസുകളിലും പ്രതികളാണ്.

(സി) ഒരേ ആളിന്റെ തന്നെ ഒന്നിൽ കൂടുതൽ കേസുകൾ പിൻവലിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

പുതിയ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

35 [5178] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിക്കപ്പെട്ട പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം തുടങ്ങുവാനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കുന്നത്തൂർ മണ്ഡലത്തിലെ പാവുമ്പാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി അനുവദിച്ച എല്ലാ പോലീസ് സ്റ്റേഷനുകളുടേയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

പോലീസ് സേനയിലെ പുതിയ നിയമനം

36 [5179] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര പേരെ പോലീസ് സേനയിൽ നിയമിച്ചുവെന്നും ഇതിൽ എത്ര പേർ വനിതകളാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly